# 14-ാം കേരള നിയമ സഭ

## 5-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4976** **22.05.2017-ൽ മറുപടിയ്ക്ക്**

## നീറ്റ് പരീക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പി.കെ. ശശി :** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നീറ്റ് പരീക്ഷ എഴുതാനെത്തിയ വിദ്യാർത്ഥിനികളുടെ വസ്ത്രം അഴിച്ച പരിശോധന, വസ്ത്രം മുറിച്ച് മാറ്റൽ തുടങ്ങിയ നടപടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) & (ബി) | സംസ്ഥാനത്തെ പത്ര മാധ്യമങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ട ഈ സംഭവം സർക്കാരിന്റെ ശ്രദ്ധയിലും പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സംസ്ഥാന എൻട്രൻസ് കമ്മീഷണറിൽ നിന്നും ബന്ധപ്പെട്ട പോലീസ് അധികാരികളിൽ നിന്നും ലഭ്യമാക്കുന്നതാണ്. |
| (ബി) പരീക്ഷാർത്ഥികൾക്ക് നൽകിയ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി മറ്റ് വിദ്യാർത്ഥിനികളുടെയും പോലീസുകാരുടേയും മുമ്പിൽ വച്ച് സി.ബി.എസ്.ഇ. അധികാരികളുടെ ഭാഗത്ത് നിന്നുമുണ്ടായ ഇത്തരം പ്രവണതകൾ സംസ്ഥാനത്ത് ഏതെല്ലാം സ്കൂളുകളിൽ നടന്നുവെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | | |
| (സി) ഇതു സംബന്ധിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്തല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്നും അറിയാമോ ; എങ്കിൽ വ്യക്തമാക്കാമോ ; | (സി) | ഈ സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് സി.ബി.എസ്.ഇ. റീജിയണൽ ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം സംസ്ഥാന സർക്കാരിൽ ലഭ്യമല്ല. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം ഹീന പ്രവൃത്തികൾ ചെയ്ത സി.ബി.എസ്.ഇ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ ? | (ഡി) | സി.ബി.എസ്.ഇ സംസ്ഥാന സർക്കാരിന്റെ അധീനതയിൽ അല്ലാത്തതിനാൽ, ഇതിലെ നിയമ പ്രശ്നങ്ങൾ കൂടി കണക്കിലെടുത്ത് ഇത്തരം പ്രവൃത്തികൾ ചെയ്തവർക്കെതിരെയും ഇപ്രകാരം ആവർത്തിക്കാതിരിക്കുന്നതിൽ സാധ്യമായതെല്ലാം ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**